


ഗ്രീൻബജറ്റ് വരുമ്പോൾ തന്നെയാണ് കണ്ണൂരിൽ കണ്ടൽപാർക്ക് തുടങ്ങി വിവാദത്തിൽ പെട്ടിരിക്കുന്നത്. അവിടുത്തെ ശാസ്ത്രസാഹിത്യപരിഷത്തുകാരിൽ ഏറിയ പങ്കും സി പി എമ്മുകാരാണ്. കണ്ടൽ പാർക്ക് തുടങ്ങുമ്പോൾതന്നെ അവർ അതിന്റെ നടത്തിപ്പുകാർക്ക് നിർദേശം നൽകിയതാണ്. അവിടെ പാർക്ക് തുടങ്ങരുതെന്നും തീരുമാനം ഉപേക്ഷിക്കണമെന്നും പരിസ്ഥിതി നാശമുണ്ടാകുമെന്നുമൊക്കെ. എന്നാൽ അധികാരവും മറ്റും ഉള്ളതിനാൽ അത്തരത്തിലുള്ള അഭിപ്രായങ്ങളൊന്നും കേൾക്കാതെ അവർ അത് തന്നിഷ്ടപ്രകാരം നടപ്പാക്കി.

# “ഉപേക്ഷിക്കാൻ പറഞ്ഞിട്ടും അവർ തന്നിഷ്ടപ്രകാരം നടപ്പാക്കി”

**പ്രൊഫ. എം. കെ പ്രസാദുമായി നടത്തിയ അഭിമുഖം**

**വനനയം?**

കേരളത്തിൽ വനസംരക്ഷണത്തിനായി പ്രത്യേക വനനയം ഇപ്പോൾ നിലവിലുള്ള സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. വനം മന്ത്രി ബിനോയ് വിശ്വത്തിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന നിയമം ഇപ്പോഴും കടലാസിൽ ഒതുങ്ങിക്കിടക്കുകയാണ്. ഈ നിയമം പ്രാവർത്തികമാക്കണമെങ്കിൽ അതിന് അതിന്റേതായ ആക്ഷൻ പ്ലാൻ ഉണ്ടാക്കേണ്ടതുണ്ട്. അത് ഇതുവരെ നടന്നതായി അറിവില്ല.

**ഗ്രീൻബജറ്റ്?**

ഈ സർക്കാർ കൊണ്ടുവന്ന ഗ്രീൻബജറ്റിൽ ഒട്ടേറെ നല്ല കാര്യങ്ങൾ പറയുന്നുണ്ട്. കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുക, പാമ്പിൻകാവുകൾ സംരക്ഷിക്കുക, കടലാമകളുടെ സംരക്ഷണം, വീട്ടുവളപ്പിൽ മരം വച്ച് പിടിപ്പിക്കുക അങ്ങിനെ പലതുമുണ്ട്. എന്നാൽ തോമസ് ഐസക് കൊണ്ടുവന്ന നൂറുകോടിയുടെ ഗ്രീൻബജറ്റ് നടപ്പാക്കാൻ ഫോറസ്റ്റ് അധികൃതരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആ പണം ഫോറസ്റ്റ് അധികൃതർക്കാണ് കൈമാറിയത്. അവർക്ക് ഇത്തരം കാര്യങ്ങൾ വേണ്ടത്ര നന്നായി നടപ്പാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആശങ്കയുണ്ട്. വനം പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളും തീരുമാനങ്ങളും പലതും കടലാസിൽ ഒതുങ്ങുകയും പ്രയോഗത്തിൽ നടപ്പാക്കാത്തതുമായി മാറുകയാണ്.

**കണ്ടൽപാർക്ക്?**

ഗ്രീൻബജറ്റ് വരുമ്പോൾ തന്നെയാണ് കണ്ണൂരിൽ കണ്ടൽപാർക്ക് തുടങ്ങി വിവാദത്തിൽ പെട്ടിരിക്കുന്നത്. അവിടുത്തെ ശാസ്ത്രസാഹിത്യപരിഷത്തുകാരിൽ ഏറിയ പങ്കും സി പി എമ്മുകാരാണ്. കണ്ടൽ പാർക്ക് തുടങ്ങുമ്പോൾതന്നെ അവർ അതിന്റെ നടത്തിപ്പുകാർക്ക് നിർദേശം നൽകിയതാണ്. അവിടെ പാർക്ക് തുടങ്ങരുതെന്നും തീരുമാനം ഉപേക്ഷിക്കണമെന്നും പരിസ്ഥിതി നാശമുണ്ടാകുമെന്നുമൊക്കെ. എന്നാൽ അധികാരവും മറ്റും ഉള്ളതിനാൽ അത്തരത്തിലുള്ള അഭിപ്രായങ്ങളൊന്നും കേൾക്കാതെ അവർ അത് തന്നിഷ്ടപ്രകാരം നടപ്പാക്കി. അറിവില്ലാതെയാണ് പല പദ്ധതികളും ഇതുപോലെ കേരളത്തിൽ ഉയർന്നുവരുന്നത്.

കണ്ടൽചെടി വച്ചുപിടിപ്പിക്കാനായി കേന്ദ്രസർക്കാർ കൊടുത്ത ലക്ഷങ്ങൾ ഇപ്പോഴും ഫിഷറീഷ് ഡിപ്പാർട്മെന്റിലും കൊല്ലം കലക്ടറുടെ കൈയിലുമുണ്ട്. ഇതുവരെ പ്രയോഗവത്ക്കരിക്കാൻ സർക്കാർ ശ്രമിച്ചിട്ടില്ല.

**മരംവച്ചുപിടിപ്പിക്കൽ ഫാഷൻ?**

കേരളത്തിൽ വനംവച്ചുപിടിപ്പിക്കാനായി കോടികൾ ഇതിനകം ചില വഴിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ നട്ട മരങ്ങളൊക്കെ എന്തായി എന്നതിനെക്കുറിച്ച് ഒരു പഠനവും നടന്നിട്ടില്ല. മരം വച്ചാൽ മാത്രം പോര, അത് പരിപാലിക്കുക കൂടിവേണ്ടേ? തികച്ചും അശാസ്ത്രീയമായ രീതിയിലാണ് ആദ്യകാലത്ത് പലയിടത്തും വനവത്ക്കരണം നടന്നത്. നമ്മുടെ കാട്ടിൽ വച്ചുപിടിപ്പിക്കാൻ പാടില്ലാത്ത പല മരങ്ങളും വച്ചുപിടിപ്പിച്ചിരുന്നു. അക്കേഷ്യ അത്തരത്തിലൊരു മരമാണ്. 15 വയസാകുമ്പോൾ തന്നെ അക്കേഷ്യയിൽ നിന്ന് വീഴുന്ന വിത്തുകൾ സമീപത്തൊക്കെ അതിന്റെ എണ്ണം വർധിപ്പിക്കും. അതിനു ചുറ്റും മറ്റൊരു മരത്തെയും അക്കേഷ്യ നില നിർത്താൻ അനുവദിക്കില്ല. ഇടുക്കി ജലാശയത്തിനു സമീപം അക്കേഷ്യ

നടുന്നതിനെതിരെ അന്ന് വലിയ പ്രതിഷേധമൊക്കെ ഞങ്ങൾ നടത്തിയിരുന്നു. ഇതേ പോലെയാണ് യൂക്കാലിയുടെ കാര്യവും. ഇത്തരത്തിൽ അശാസ്ത്രീയമായ രീതി വനവത്ക്കരണത്തിലുണ്ട്. ഇപ്പോൾ മരം നടുന്ന കാര്യത്തെക്കുറിച്ചാണെങ്കിൽ, നടുന്നവർ നടട്ടെ. നൂറു മരങ്ങളിൽ രണ്ടെണ്ണം നിലനിന്നാൽ അത്രയും നല്ലതല്ലേ.

**പഴയ സമരകൂട്ടായ്മ ഇന്നുണ്ടോ?**

മുണ്ടൂരിൽ വനം കൈയ്യേറ്റത്തിനെതിരെ ഉയർന്ന ആസൂത്രിതസമരം മുതൽ സൈലന്റ് വാലി വരെയുള്ള കാലഘട്ടത്തിൽ വനനശീകരണത്തിനെതിരെ ഉയർന്നുവന്ന സമരങ്ങളെല്ലാം പലതും വിജയിച്ചത് ഏതെങ്കിലും പ്രത്യേക സംഘടനയുടെ മാത്രം ശക്തികൊണ്ടായിരുന്നില്ല. പല പരിസ്ഥിതിസംഘടനകളും വ്യക്തികളും ഒരുമിച്ചുചേർന്നാണ് സമരം നയിച്ചിരുന്നത്. എന്നാലിന്ന് അത്തരം സ്വഭാവത്തിൽ ഏറെ മാറ്റം വന്നു. സമരങ്ങളിലും പരിസ്ഥിതി വിഷയത്തിലും ഇന്ന് വർധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ അതോടൊപ്പം വിവിധ പരിസ്ഥിതി സാമൂഹ്യസംഘടനകളുടെയും നേതാക്കളുടെയും ഈഗോയും വർധിച്ചു. മറ്റാരെങ്കിലും ഏറ്റെടുത്ത് നടത്തുന്ന സമരവുമായി യോജിക്കാൻ പരിഷത്തിന് കഴിയുന്നില്ല. പരിഷത്ത് ഏറ്റെടുത്ത് നടത്തുന്ന സമരങ്ങളിൽ മറ്റ് പരിസ്ഥിതി സംഘടനകളും അകലം പാലിക്കുന്നു. ഇത് വിവിധ സംഘടനകൾക്കിടയിൽ അനൈക്യത്തിന് കാരണമായിട്ടുണ്ട്. മുല്ലപ്പെരിയാറിൽ അവിടുത്തെ വിഷയം ഉന്നയിച്ചുകൊണ്ട് പ്രദേശത്ത് ചിലർ ശബ്ദിച്ചപ്പോൾ മുഖ്യധാരയിലുള്ള ഒരു സംഘടനയും യോജിപ്പ് പ്രകടിപ്പിക്കാൻ പോയില്ല. അങ്ങിനെ പല സമരങ്ങളിലും ഇതാണ് അവസ്ഥ. കാതലായ വിഷയത്തിൽ ഒന്നിച്ചുനിന്ന് പ്രക്ഷോഭം നയിച്ചാൽ അതിന്റേതായ ഫലവിജയവും ഉണ്ടാകും. അതിനായി വിവിധ സംഘടനകളെ ഒന്നിപ്പിച്ചുകൊണ്ടുവരാൻ ഒന്നുരണ്ടു തവണ ഞാൻ ശ്രമം നടത്തിയിരുന്നു. ഫലം കണ്ടില്ല.

**പരിസ്ഥിതി അവബോധം?**

ജനങ്ങളിൽ കൂടിയിട്ടുണ്ടാകാമെങ്കിലും പഴയപോലെ നമ്മുടെ പല സംഘടനകളും വിഷയത്തിൽ ആഴത്തിലുള്ള പഠനം നടത്തുന്നില്ല. അതിന്റെ പോരായ്മ പല സമരമുഖത്തുമുണ്ട്. ഇതിനു പുറമെ ഏതെങ്കിലും വിഷയത്തെയോ പദ്ധതിയേയോ എതിർക്കുമ്പോൾ അതിനു ബദലായി നമുക്ക് പറയാൻ എന്തുണ്ട് എന്നതും പ്രശ്നമാണ്. അത്തരത്തിലുള്ള ബദൽ അവതരണവും ഇന്ന് കുറവാണ്. ഏത് വിഷയത്തിലും മുഖ്യധാരാ സംഘടനകളുടെ യുവജനവിഭാഗങ്ങളെല്ലാം നേരത്തെ നല്ല അവബോധമുള്ളവരായിരുന്നു. എന്നാൽ ഇന്ന് അതെത്ര മാത്രമുണ്ട്? സയലന്റ് വാലി സമരത്തിൽ എസ് എഫ് ഐ യും കോൺഗ്രസിന്റെ യുവജനവിഭാഗവും അടക്കം അന്നത്തെ രാഷ്ട്രീയത്തിലെ യുവാക്കൾ പലരും ഉണ്ടായിരുന്നു. അവരെല്ലാം കാര്യങ്ങളെക്കുറിച്ച് പഠിക്കുമായിരുന്നു. അന്ന് പദ്ധതി വേണമെന്ന് പറഞ്ഞ സി ഐ ടി യു പോലും പൊതുവേദിയിൽ ചർച്ചക്ക് ഞങ്ങളെയും വിളിച്ചിരുന്നു. സി ഐ ടി യുക്കാർ സംസാരിക്കുമ്പോഴുള്ളതിന് വ്യത്യസ്തമായി ഞങ്ങൾ സംസാരിക്കുമ്പോൾ കൈയടി കിട്ടില്ലെന്നുമാത്രം. അക്കാലത്തെ അത്ര വിശാലമായ ജനാധിപത്യപരിസരം ഇന്ന് കുറഞ്ഞുവരുന്നുണ്ട്.

**വനസംരക്ഷണത്തിനിടയിൽ ഉയർന്നു വന്ന പ്രക്ഷോഭചരിതം**

വനസംരക്ഷണത്തിനുവേണ്ടിയുള്ള കേരളത്തിലെ ആസൂത്രിത പ്രക്ഷോഭം 1974–75 കാലഘട്ടത്തിൽ മലപ്പുറത്തെ മുണ്ടൂരിലാണ് തുടങ്ങിയതെന്നാണ് ഓർമ്മ. മുണ്ടൂരിൽ നിലമ്പൂർ കോവിലകത്തിന് പതിച്ചു നൽകിയ 160 ഏക്കർ നക്ഷിപ്ത വനത്തിൽനിന്ന് മരം വെട്ടുന്ന നടപടിക്കെതിരെയായിരുന്നു ആ സമരം. സ്വകാര്യ വനഭൂമി സർക്കാർ ഏറ്റെടുത്ത സമയത്ത് നിലമ്പൂർ കോവിലകംകാർ കോടതിയെ സമീപിച്ചപ്പോൾ അവർക്ക് പ്രാന്റേഷൻ, കൃഷി എന്നിവ ചെയ്യാൻ സർക്കാർ തിരിച്ചു കൊടുത്ത സ്ഥലമായിരുന്നു ഈ 160 ഏക്കർ. അവിടെനിന്ന് തടിവെട്ടിമാറ്റുന്നത് ശ്രദ്ധയിൽപെട്ടതോടെ അതിനെതിരെ പ്രദേശത്തുകാരും പരിസ്ഥിതിപ്രവർത്തകരും കേരളശാസ്ത്രസാഹിത്യപരിഷത്തുമെല്ലാം രംഗത്തെത്തി. അതിന്റെ പശ്ചാത്തലത്തിൽ മരം വെട്ടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന നിയമം അന്നത്തെ സക്കാർ കൊണ്ടുവരികയും അവിടെ തടിവെട്ട് നിർത്തുകയും ചെയ്തു.

പിന്നീട് ഉയർന്നുവന്നതാണ് ജീരകപ്പാറയിലെ വനം കൈയേറ്റത്തിനെതിരായ സമരം. അവിടെ വനം സ്വകാര്യവ്യക്തി കൈയേറുകയായിരുന്നു. ഇതിനെതിരെ പ്രകൃതിസംരക്ഷണസമിതിയും കെ എസ് എസ് പിയും മറ്റു സംഘടനകളും രംഗത്തെത്തി. ആദ്യമായി കേരളത്തിൽ അവിടെയാണ് ഒരു സമരത്തിന്റെ ഭാഗമായി മനുഷ്യചങ്ങല തീർത്തതെന്നാണ് എന്റെ അറിവ്. പരിസ്ഥിതിപ്രവർത്തകരും നാട്ടുകാരും അടക്കം നിരവധി പേർ വനം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് അന്നത്തെ മനുഷ്യചങ്ങലയിൽ പങ്കെടുത്തു.

പിന്നീട് ഉയർന്നുവന്നതാണ് അട്ടപ്പാടിയിലെ മുച്ചികുണ്ട് എന്ന സ്ഥലത്തെ കള്ളപ്പട്ടയത്തിനെതിരായ സമരം.കള്ളപ്പട്ടയം ഉണ്ടാക്കി വനം കൈയേറി വൻ തോതിൽ അവിടെ മരം വെട്ട് നടക്കുയായിരുന്നു. അതിനെതിരെ വർക്കി എന്ന സാധാരാണ മനുഷ്യനാണ് ആദ്യം രംഗത്ത് വന്നത്. വർക്കിയുടെ നേതൃത്വത്തിൽ ശക്തമായ മുന്നേറ്റം ഇതിനെതിരെ ഉയരുകയും വിഷയം ഉന്നയിച്ച് അവർ കോടതിയിൽ പോകുകയും ചെയ്തു.




ഹൈക്കോടതി വിഷയം പഠിക്കാൻ കമ്മീഷനെ നിയമിച്ചു. എൻ വി കൃഷ്ണവാര്യർ, ഡോ. എം കെ പ്രസാദ്, പി കെ ബാലസുബ്രഹ്മണ്യൻ എന്നിവരടങ്ങുന്നതായിരുന്നു കമ്മീഷൻ. റിപ്പോർട്ട് സമർപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ കള്ളപ്പട്ടയങ്ങളെല്ലാം റദ്ദാക്കുകയും ഇതിനു കാരണക്കാരായവരെ ശിക്ഷിക്കുകയും ചെയ്തു.

ഇതിന്റെയൊക്കെ തുടർച്ചയായാണ് കേരളത്തിൽ പിന്നീട് സൈലന്റ് വാലി സമരം വനസംരക്ഷണത്തിന്റെ ഭാഗമായി ഉയർന്നുവന്നത്. അത് ചരിത്രത്തിൽ ഇടം പിടിക്കുന്ന തരത്തിൽ ശക്തിപ്പെടുകയും കേരളത്തിൽ പരിസ്ഥിതി വന അവബോധം ശക്തമാക്കുന്നതിന് കാരണമാകുകയും ചെയ്തു. പിന്നീട് പാത്രക്കടവ്, പൂയം കുട്ടി, ആതിരപ്പിള്ളി എന്നിങ്ങനെ നീണ്ടുപോകുകയാണ് സമരങ്ങൾ.

വനം സംരക്ഷിക്കാനായി കേരളത്തിലുള്ള നിയമങ്ങൾക്കും ഏറെ അപര്യാപ്തതയുണ്ട്. കേരളത്തിൽ കാടുകളെക്കുറിച്ച് ആധികാരികമായി ഒരു കണക്കും ഇല്ലെന്നതാണ് വസ്തുത. ഫോറസ്റ്റ് വിഭാഗം 24 ശതമാനമെന്ന് പറയുമ്പോൾ റവന്യൂ വിഭാഗം പറയുന്നത് 19 ശതമാനം എന്നാണ്. രണ്ടു ഡിപ്പാർടുമെന്റിന്റെയും കൈവശം നിലവിലുള്ള സർവ്വെ നമ്പറുകൾ പ്രകാരമുള്ള കണക്കാണിത്. യഥാർത്ഥത്തിൽ കാട് എന്ന് വിശേഷണം അർഹിക്കുന്ന സ്ഥലം കേരളത്തിൽ 150 സ്ക്വയർ കിലോമീറ്ററാണുള്ളത്. ഇവിടെ വനപരിപാലനമല്ല ഉള്ളത്(മാനേജ്മെന്റ്) വനഭരണമാണ് ഉള്ളത്(അഡ്മിനിസ്ട്രേഷൻ). ഇന്ത്യയെട്ടുക്കും സംസ്ഥാനത്തും വനം സംരക്ഷിക്കുന്നത് പത്തു വർഷത്തെ വർക്കിംഗ് പ്ലാൻ ഉണ്ടാക്കികൊണ്ടാണ്. ഇങ്ങിനെ പത്തുവർഷത്ത പ്ലാൻ ഉള്ളതിനാൽ ഇത് നമ്മുടെ പഞ്ചവത്സര പദ്ധതിയുമായി ഒന്നിച്ചുകൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. വർക്കിംഗ്പ്ലാൻ ആകട്ടെ വിഭവങ്ങൾ വനത്തിൽ നിന്ന് ചൂഷണം ചെയ്യാൻ വേണ്ടിയുള്ള പ്രധാനതന്ത്രവുമാണ്. വിഭവങ്ങൾ കവർന്നെടുക്കുകയല്ലാതെ വിഭവങ്ങൾ സംരക്ഷിക്കുന്ന കാഴ്ചപ്പാട് ഈ വർക്കിംഗ് പ്ലാനിൽ ഇല്ല എന്നതും വസ്തുതയാണ്. കൺസെർവേഷൻ എന്നതിന്റെ അർത്ഥം വനസംരക്ഷണവും നിയന്ത്രിതമായി മാത്രം ചൂഷണം ചെയ്യുക എന്നതുമാണ്. എന്നാൽ അത് കേരളത്തിൽ നടക്കുന്നില്ല. മരം വെട്ടുക എന്നത് കേരളത്തിൽ നിരോധിക്കപ്പെട്ട കാര്യമാണ്. വനത്തിൽ വീണുകിടക്കുന്നതോ വീഴാൻ സാധ്യതയുള്ളതോ മനുഷ്യന് ഭീഷണി ഉള്ളതോ ആയ മരങ്ങളേ എടുത്തുമാറ്റാനും മുറിക്കാനും പാടുള്ളൂ.

വനം സംരക്ഷിക്കാനെന്ന പേരിൽ ഇത്രമാത്രം മേലുദ്യോഗസ്ഥരുടെ തസ്തികകൾ ഉള്ള സംസ്ഥാനം വേറെയുണ്ടാകില്ല. വനം സംരക്ഷിക്കാൻ ഇത്രയും പേരുടെ ആവശ്യമില്ലെന്നതാണ് സത്യം. ആധുനിക വനസംരക്ഷണതത്വമനുസരിച്ച് വനത്തെ ആവാസവ്യവസ്ഥയ്ക്കനുസരിച്ച് തരം തിരിച്ച് സംരക്ഷിക്കണമെന്നാണ്. യു എൻ അടക്കമുള്ള അന്താരാഷ്ട്രസംഘടനകളുടെ കാഴ്ചപ്പാടാണിത്. ഇവിടെ അതുമില്ല. വനസംരക്ഷണം ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നുണ്ടെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. അതിനായി വനസംരക്ഷണസമിതി രൂപീകരിച്ചിട്ടുണ്ട്. കാടിന്റെ അതിർത്തിയിൽ താമസിക്കുന്ന ആദിവാസികൾ അടക്കമുള്ളവരെ ഉൾപ്പെടുത്തിയാണ് ഇത്തരം സമിതികൾ രൂപീകരിക്കുന്നത്. ഇതിന്റെ തലപ്പത്തും ഫോറസ്റ്റ് അധികൃതരാണുള്ളത്. അവരാണ് കമ്മിറ്റി ഉണ്ടാക്കാനും ഉപദേശം നൽകാനും രംഗത്തുള്ളത്. മരം നടലും മറ്റും ഇതിന്റെ ഭാഗമാണ്. വനസംരക്ഷണസമിതിയുടെ വരുമാനത്തിൽ 75 ശതമാനവും സർക്കാറിൽ അടയ്ക്കണം. ഇത്തരത്തിലുള്ള 800 ഓളം സമിതികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.


## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം**

**കൊക്കാലെ, തൃശൂർ–21**

**ഫോൺ : 9446576943, 9446586943, 0487-2421385**

e-mail : robinkeraleeyam@gmail.com